പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജ് വികസനം

117 [1527] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജിന്റെ വികസനത്തിനും കെട്ടിട നിർമ്മാണത്തിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കോളേജിലേക്ക് പുതുതായി കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജിന്റെ സയൻസ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു കോടി എഴുപത് ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, ഷൊർണ്ണൂരിൽ നിന്നും പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. സയൻസ് ബ്ലോക്ക് നിർമ്മാണത്തിന് നാല് ലക്ഷം രൂപയും ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിന് ഒരു ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതായി പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ബി) ഈ കോളേജിൽ നിന്നും ബി.എസ്.സി. ഫിസിക്സ്, ബി.എസ്.സി. മാത്തമാറ്റിക്സ് എന്നീ കോഴ്സുകളുടെ അഫിലിയേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് 2004-2005 അദ്ധ്യയന വർഷത്തിൽ അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി അയച്ചിട്ടുണ്ട്.

ഗസ്റ്റ് ലക്ചറർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി

118 [1528] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് കോളേജുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് നൽകിവരുന്ന പ്രതിമാസ വേതനം എത്രയാണ്;

(ബി) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് നൽകുന്ന വേതനം എത്രയാണ്;

(സി) ഹയർസെക്കണ്ടറി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകരേക്കാൾ കുറഞ്ഞ പ്രതിഫലമാണ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് നൽകുന്നതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) കോളേജ് ഗസ്റ്റ് ലക്ചറർമാർക്ക് നൽകി വരുന്ന വേതനം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly